# 2

# യാഹ്വേ:
# "കർത്താവു"

വാസ്തവത്തിൽ ദൈവത്തിന്റെ ഏക നാമം യാഹ്വേ എന്നാണ്. മിസ്രയിം അടിമത്വത്തിൽ നിന്നു യിസ്രായേൽ മക്കളെ വിടുവിപ്പാൻ തിരഞ്ഞെടുത്ത മോശെക്കു സിനായ് പർവ്വതത്തിൽ വെച്ചു ദൈവം വെളിപ്പെടുത്തി കൊടുത്ത പേരാണിത്. യഹോവ മോശെയോടു പറഞ്ഞു, "... ഇതു എന്നേക്കും എന്റെ നാമവും തലമുറ തലമുറയായി എന്റെ - ജ്ഞാപകവും ആകുന്നു" (പുറപ്പാട് 3:15).

"യാഹ്വേ" എന്ന പേർ തർജ്ജിമ ചെയ്യുവാൻ ശ്രമിച്ചത് നാലു എബ്രായ വാക്കു ''വൈ എച്ച് ഡബ്ലിയു എച്ച്'' എന്നാണ്. ഈ അക്ഷരങ്ങൾ ഇംഗ്ലീഷിൽ തർജ്ജിമ ചെയ്തിരിക്കുന്നതു വ്യത്യസ്ത അക്ഷരങ്ങളിലാണ്: കിങ്ങ് ജെയിംസ് വെർഷൻ, റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ, അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ (പരിഷ്കരിച്ച പതിപ്പ്) എന്നിവ ''ലോർഡ്'' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നതു (എല്ലാം വലിയ അക്ഷരങ്ങളിൽ), എന്നാൽ അമേരിക്കൻ സ്റ്റാൻഡാർഡ് വെർഷൻ ഉപയോഗിച്ചിരിക്കുന്ന വാക്ക് ''യെഹോവ'' എന്നാണ്. മിക്കവാറും ബൈബിൾ പണ്ഡിതന്മാർ കരുതുന്നതു ശരിയായ തർജ്ജിമ "യാഹ്വേ" യാണ്. ഈ വ്യക്തിപരമായ ദൈവത്തിന്റെ പേർ (പുറപ്പാട് 3:15). ദൈവത്തെ പ്രതിപാദിക്കുന്ന മറ്റുവാക്കുകളേക്കാൾ കൂടുതലായി ഇതുകാണുന്നു, പഴയ നിയമത്തിൽ 6,823 പ്രാവശ്യം കാണുന്നു. "യാഹ്വേ," എന്നതുമായ ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്ന മറ്റു വാക്കുകൾ ഈ പേരിനു കൂടുതൽ അർത്ഥം പകരുന്നവയാണ്.

### *യാഹ്വേ 'എലോഹിം:*
### "യഹോവയായ ദൈവം"

#### ബൈബിളിൽ "യാഹ്വേ" എന്ന ആദ്യ ഉപയോഗം

"യാഹ്വേ" എന്ന വാക്ക് ആദ്യമായി ദൈവത്തെ ഉപയോഗിച്ചു കാണുന്നതു *'എലോഹിം* എന്ന വാക്കോടുകൂടെയാണ്, അത് നാം കഴിഞ്ഞ പാഠത്തിൽ പഠിച്ചു. ഉല്പത്തി 2:4-ൽ നാം വായിക്കുന്നു, "യഹോവയായ ദൈവം [*യാഹ്വേ 'എലോഹിം*] ഭൂമിയും ആകാശവും

സൃഷ്ടിച്ചനാളിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചവന്റെ ഉല്പത്തി വിവരം."

ഉല്പത്തി 1:1-2:3 വരെ "ദൈവം" എന്ന വാക്ക് മോശെ മുപ്പത്തി - നാലു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. പിന്നെ അവൻ "യാഹ്‌വേ" എന്ന വാക്കു പരിചയപ്പെടുത്തുകയും അതു ഉല്പത്തി 2:4-3:24 വരെ പത്തൊൻപതു പ്രാവശ്യം ഉപയോഗിക്കയും ചെയ്തു, അതു "ദൈവം" എന്നവാക്കോടുകൂടെയാണ് ഉപയോഗിച്ചത്. "ദൈവം" എന്നു പറഞ്ഞു വന്നിട്ടു പെട്ടെന്നു "യഹോവയായ ദൈവം" എന്ന ഉപയോഗത്തിലേക്കു മാറിയതു മറ്റു രണ്ടുപേരെയും സൂചിപ്പിക്കുന്നു എന്നാണ് ചിലർ കരുതുന്നത്. അത്തരം കാരണം കണ്ടെത്തൽ ബൈബിളിലെ ഉല്പത്തി പുസ്തകത്തിന്റെ ഐക്യതയും ആത്മാർത്ഥതയും ലംഘിക്കുന്നതാകും, അതു യേശുവിന്റെ പ്രസ്താവനയായ മോശെയാണ്. ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ എഴുതിയതു എന്നത് മാനിക്കാതെ വരും (യോഹന്നാൻ 5:46, 47). ദൈവം തന്റെ പേർ എഴുതുവാനും പ്രത്യക്ഷമാകുവാനും ഓരോ ഉദ്ദേശം ഉണ്ട് എന്നു കരുതുന്നതാണ് കൂടുതൽ ആദരണീയം.

ദൈവിക ഉദ്ദേശം പ്രത്യേകമായി പറഞ്ഞിട്ടില്ല, പക്ഷെ ദൈവത്തിന്റെ വ്യക്തിപരമായ പേർ ആദ്യമായി ഉപയോഗിച്ച "യാഹ്‌വേ," ഓരോ വ്യക്തിപരമായ ബന്ധം ദൈവവും മനുഷ്യനുമായി, യാഹ്‌വേയും ആദാമും ആയുള്ള ബന്ധത്തെ കാണിക്കുവാനാണ്. യാഹ്‌വേയുടെ ശ്വാസം ആണ് ആദാമിന്റെ മൂക്കിൽ ഊതിയതെന്നു ഉല്പത്തി 2 പറയുന്നു. തോട്ടത്തിൽ നടക്കേണ്ടതിന്നു ഒരു തോട്ടവും ഉണ്ടാക്കി, ഹവ്വയെ സൃഷ്ടിക്കയും ആദാമിനോടും ഹവ്വയോടും സംഭാഷണം നടത്തുകയും ചെയ്തു. ശ്രദ്ധയോടെ എഴുതപ്പെട്ട ബൈബിളിൽ ദൈവത്തെ വിവരിച്ചിരിക്കുന്ന ശരിയായ സ്ഥലങ്ങളിലും ശരിയായ രീതിയിലുമാണ് എന്നു പറയുന്നതായിരിക്കും ഉചിതം.

### "യാഹ്‌വേ" എന്നതിന്റെ വെളിപ്പെടുത്തിയ അർത്ഥം

ചില കാരണങ്ങൾ കൊണ്ട് ആദാമിന്റെ കാലം മുതൽ "യാഹ്‌വേ" എന്നതിന്റെ അർത്ഥം പൂർണ്ണമായി വെളിപ്പെടുത്തുവാൻ കാത്തിരുന്നു. പിതാക്കന്മാർക്കിടയിൽ അതു അടിക്കടി ഉപയോഗിച്ചിരുന്നെങ്കിലും[1], മോശെയോടു സിയോൻപർവ്വതത്തിൽ മുൾപ്പടർപ്പിൽ സംസാരിക്കുന്നതുവരെ അതിന്റെ അർത്ഥം ദൈവം പൂർണ്ണമായി വെളിപ്പെടുത്തിയിരുന്നില്ല. അറേബ്യയിലേക്കു പോകുവാനുള്ള ദൗത്യം മോശെക്കു കൊടുത്തുകൊണ്ട് മിസ്രയിമിൽ നിന്നു യിസ്രായേൽ മക്കളെ വിടുവിപ്പാൻ അയച്ചപ്പോൾ, അവൻ യഹോവയോടു യിസ്രായേൽ ദൈവത്തിന്റെ പേർ ചോദിക്കും എന്നു പറഞ്ഞു. അപ്പോൾ ദൈവം പ്രത്യേകമായി "യാഹ്‌വേ" എന്നു മാത്രമല്ല (പുറപ്പാട് 3:15), അതിന്റെ അർത്ഥവും കൂടെ വെളിപ്പെടുത്തി "ഞാനാകുന്നവൻ - ഞാൻ ആകുന്നു" (പുറപ്പാട് 3:14), അല്ലെങ്കിൽ "ഞാൻ ഉള്ളവൻ ആകയാൽ ഉള്ളവൻ ആകുന്നു."

ദൈവത്തോടടുത്ത പിതാക്കന്മാർക്കു പോലും, ദൈവത്തിന്റെ പേരിന്റെ നിർവ്വചനം, അറിയുവാൻ ഭാഗ്യം ലഭിച്ചിരുന്നില്ല. അവർക്കു

പരിചയം ഉണ്ടായിരുന്നതു '*എൽ ശദ്ദായി* എന്ന വാക്കാണ്, "സർവ്വ ശക്തൻ"; എന്നു യഹോവ പറഞ്ഞു, "എന്നാൽ യഹോവ [യാഹ്‌വേ], എന്ന [അർത്ഥത്തിൽ] ഞാൻ അവർക്കു വെളിപ്പെട്ടിരുന്നില്ല" (പുറപ്പാട് 6:3). ഈ അവസരത്തിൽ എങ്ങനെ ആയാലും, മോശെയുടെ ആവശ്യം അനുവദിച്ചു, യിസ്രായേല്യർക്കു വിശ്വാസം ഉണ്ടാകേണ്ടതിന്നു, ദൈവ പേരിന്റെ അർത്ഥം വെളിപ്പെടുത്തി കൊടുത്തു.

"യാഹ്‌വേ" എന്ന പേരിന്റെ നിർവ്വചനം വ്യക്തമായി മോശെക്കും, യിസ്രായേലിനും വെളിപ്പെടുത്തിയെങ്കിലും, അതു ദൈവത്തിന്റെ - ആഴമേറിയ കാര്യങ്ങളായിരുന്നു - ഇപ്പോഴും അതേ. നിർമ്മാതാവില്ലാത്ത ഒരു വ്യക്തിത്വഭാവത്തെ കുറിച്ചു ഒരു മനുഷ്യനും മനസ്സിലാവുകയില്ല. ആരംഭമില്ലാതെ ഒരു വ്യക്തി എങ്ങനെ ഉണ്ടായി എന്നു വിവരിക്കുവാൻ ഒരു മനുഷ്യനും സാധ്യമല്ല, തന്റെ അസ്ഥിത്വത്തിനു എങ്ങനെ താൻ കാരണമായി എന്നതും. മറ്റെല്ലാറ്റിനും ഒരു കാരണം ഉണ്ട്; അവസാനം എല്ലാറ്റിന്റേകാരണം ദൈവം ആവുകയും ചെയ്യുന്നു. എന്നാൽ ദൈവ ത്തിനു ഒരു കാരണവുമില്ല. കാരണം ഇല്ലാത്ത കാരണം അവൻ തന്നെ.

ദൈവം ഉണ്ടാകുവാനുള്ള സംഗതി എന്ത് എന്നു ഒരു കുട്ടി തന്റെ പിതാവിനോടു ചോദിച്ചാൽ, ആ പിതാവിനു നല്കാൻ കഴിയാത്ത ഉത്തരമാണ് അത്, "അവൻ ദൈവമായതുകൊണ്ടാണ് അങ്ങനെ ആയത്" എന്ന് അയാൾ കുട്ടിയോടു ഉത്തരം പറയുമ്പോൾ അയാൾ പുറകിലേക്ക് പോയി മോശയെപോലെ ആകുന്നു. അതിനു തുല്യ പ്രയോഗം "ഞാൻ ഉള്ളതുകൊണ്ട് ഞാൻ ഉണ്ട്; ഞാൻ ആകുന്നവൻ ഞാനായതുകൊണ്ട് ഞാൻ ഉണ്ട് എന്നതാകാം." ദൈവത്തിന്റെ സ്വഭാവം തന്നെ സ്വയം - ഭൂവായതാണ്. ഇതു വിവരിക്കുവാൻ പ്രയാസമാണ്; വിശ്വാസത്താൽ നാം സ്വീകരിക്കണം. തന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടെന്നു വിശ്വസിക്കണം (എബ്രായർ 11:6), എന്നാൽ അവൻ അങ്ങനെ അല്ലെങ്കിൽ എന്തിനു ദൈവം ഉണ്ടാക്കി എന്നു അറിയുന്നില്ല.

ദൈവം എങ്ങനെ ഉണ്ടായി എന്നു യിസ്രായേല്യർക്കറിഞ്ഞു കൂടായിരുന്നു. എന്നാൽ അവർ മോശെയെ ശ്രദ്ധിച്ചു, അവന്റെ അത്ഭുത പ്രവൃത്തികൾ കാണുകയും, അവൻ ഉള്ളതുകൊണ്ട് അവർ ദൈവത്തിൽ വിശ്വസിച്ചു. പിന്നെ അവർ തലകുനിച്ചു നമസ്ക്കരിച്ചു (പുറപ്പാട് 4:31). അതുപോലെ, ദൈവം എങ്ങനെ ഉണ്ടായി എന്നു നമുക്കും അറിഞ്ഞുകൂടാ; പക്ഷെ ജീവന്റെ കൃപയെ നാം അനു മോദിച്ചാൽ, നാം സമ്മതിക്കയും, നന്ദി ചെലുത്തുകയും നമസ്ക രിക്കയും നാം ഇരിക്കയും ചരിക്കയും ചെയ്യുന്ന, സകല അനുഗ്രഹവും പുറപ്പെടുന്നവനിൽ വസിച്ചു നാം അവനെ സേവിക്കയും ചെയ്യും.

**യേശു യഹോവ ആകുന്നു**

സാധാരണ മനുഷ്യനേക്കാൾ ശ്രേഷ്ഠനായിരുന്നു നസ്രേ ത്തുകാരനായ യേശു എന്ന ചിന്ത ആവേശകരം തന്നെ ആണ്. യെഹൂദ വംശാവലിയിൽ വന്ന ഒരു മർത്യൻ ആയിരുന്നു യേശു എങ്കിലും അവൻ - മറ്റേതൊരു മനുഷ്യനിൽ നിന്നും വ്യത്യസ്തമായി - ബേത്ത്ല ഹേമിലേക്കുവരുന്നതിനു മുൻപു തന്നെ അവനുണ്ടായിരുന്നു. അവൻ

ബേത്ത്ലഹേമിൽ ജനിക്കുന്നതിനു രണ്ടായിരം വർഷങ്ങൾക്കു മുൻപു, അബ്രഹാം ജീവിച്ചിരുന്നതിനു മുൻപു, *ലോഗോസ്* ആയി, വചനം ആയി, ദൈവം ആയിരുന്നു അവൻ (യോഹന്നാൻ 1:1-3). ദൈവം തന്നെ യിസ്രായേലിന്നു തിരിച്ചറിയുന്നതിനു മോശെക്കു വെളിപ്പെടുത്തിയ അതേ ഭാഷ തന്നെ: ''ഞാൻ ആകുന്നവൻ'' എന്നു യേശു യെരുശലേമിലെ യെഹൂദന്മാർക്കു വെളിപ്പെടുത്തി കൊടുക്കുന്നുണ്ട് (യോഹന്നാൻ 8:58).

അബ്രഹാമിന്റെ കാലത്തിനു വളരെ മുൻപു യേശുവിനെ, പുരാതനമായുള്ളവൻ, ''നിത്യത മുതൽ, വരുവാനുള്ളവൻ എന്നറിയപ്പെട്ടിരുന്നു'' (മീഖാ 5:2). അതുകൊണ്ടു, യാഹ്വേ എന്ന ലോകത്തിലേക്കു വരുവാനുള്ളവൻ എന്ന ബൈബിൾ ഉപദേശം, മനസ്സിലാക്കാവുന്നതാണ് (യെശയ്യാവു 40:3). ലോകത്തിലേക്കു ഇറങ്ങിവന്നതു. അതു, യേശുവായിരുന്നു! (മത്തായി 3:3 നോക്കുക.) അപ്പോൾ, യേശു പിതാവിന്റെ അതേ സ്വഭാവത്തോടുകൂടിത്തന്നെ ആണ്. അവൻ സ്വയം ഭൂവായ യഹോവയിൽ നിന്നും, ദൈവത്തിൽ നിന്നും ഒട്ടും കുറഞ്ഞ ദൈവം ഇല്ല. യാഹ്വേയിൽ ആശ്രയം വെച്ചിരിക്കുന്നവരും അവനിൽ പ്രത്യാശ ഉള്ളവരും ഭാഗ്യമുള്ളവർ (സങ്കീർത്തനങ്ങൾ 146:5).

### *'അഡോണായി യാഹ്വേ*: "യഹോവയായ ദൈവം"

ദൈവത്തെ ''കർത്താവു'' അല്ലെങ്കിൽ ''യജമാനൻ'' എന്നു ആദ്യമായി വിവരിച്ചത് ഉല്പത്തി 15:2 ലാണ്. അബ്രഹാം ദൈവത്തെ *'അഡോണായി യാഹ്വേ*, അർത്ഥം "കർത്താവായ ദൈവം" എന്നു വിളിക്കുന്നുണ്ട്.

*എലോഹിം* എന്ന ബഹുവചന രൂപം ഉപയോഗിച്ചിരിക്കുന്നതു ബഹുമാനത്തെയും അധികാരത്തെയും കാണിക്കുന്നതിനാണ്, അല്ലാതെ ഒന്നിലധികം ദൈവത്തെ കാണിക്കുവാനല്ല. അതുപോലെ ഉല്പത്തി 15ൽ അബ്രഹാം "കർത്താവു" എന്ന ബഹുവചനം ഉപയോഗിച്ചതു പദവിയെ, ശക്തിയെ, കാണിക്കുന്നതാണ്, കാരണം അവൻ എല്ലാറ്റിന്റേയും കർത്താവും യജമാനനുമാണ്. "എന്റെ" എന്ന പൊസസീവ് പ്രോനൗൺ അബ്രഹാം ഉപയോഗിച്ചതു വ്യക്തമാക്കുന്നത് തന്റെ കർത്താവും യജമാനനുമായ യാഹ്വേയിൽ അവനുള്ള പൂർണ്ണമായ വിധേയത്വമാണ്.

ഈ സന്ദർഭത്തിൽ, ദൈവം അബ്രഹാമിനു പ്രതിഫലം നല്കുന്നവനാണ് എന്നു പറഞ്ഞിരിക്കുന്നു. കർത്താവായ യാഹ്വേ ആണ് പൂർണ്ണാധികാരി എന്നു അബ്രഹാം തിരിച്ചറിഞ്ഞിരുന്നു. 85 - വയസ്സു-പ്രായമുള്ള മക്കളില്ലാത്തവനും 75 - വയസു - പ്രായമായ മച്ചിയായ ഒരുവൾക്കും ദൈവം എങ്ങനെ പ്രതിഫലം നല്കും എന്നു അബ്രഹാം ചോദിച്ചു. അബ്രഹാമിന്റെ ജീവിതത്തിൽ ആശക്കു വകയില്ലായിരുന്ന സമയത്തു ബൈബിൾ ചരിത്രത്തിൽ അസാധാരണമായും അബ്രഹാമിന്നു വിശ്വാസമുണ്ടായിരുന്നു, അവസാന സമയത്തു നടക്കുന്നവൻ, അബ്രഹാമിന്നു ആകാശത്തിലെ നക്ഷത്രങ്ങളെപോലെ സന്തതികൾ ഉണ്ടാകും എന്ന ദൈവ വചനം അവൻ വിശ്വസിച്ചു.

അബ്രഹാമിന്റെ വിശ്വാസം ഉള്ള ആത്മിയ മക്കൾ ഇന്നു അഗാധമായി വിശ്വസിക്കുന്നതുപോലെ അന്നു അബ്രഹാം കർത്താവായ യാഹ്വേയിൽ വിശ്വസിച്ചിരുന്നു. നമ്മുടെ കർത്താവായ "യേശുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവൻ അവനാണ് നമ്മുടെ അതിക്രമങ്ങൾ നിമിത്തം അവനെ മരണത്തിനു ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി അവനെ ഉയിർപ്പിച്ചുമിരിക്കുന്നു" (റോമർ 4:24,25).

## *യാഹ്വേ യീ'രേ:* "കർത്താവു നല്കും"

പിന്നീട്, അബ്രഹാം ഉല്പത്തി 22:14-ൽ അബ്രഹാം ദൈവത്തിനു മറ്റൊരു പേർ ഉപയോഗിച്ചിരിക്കുന്നു: *യാഹ്വേ യീ'രേ,* "കർത്താവു നല്കും'' ആവശ്യമുള്ളതു നല്കുവാൻ അബ്രഹാം ദൈവത്തിൽ ആശ്രയിച്ചിരുന്നു.

വിശ്വാസമുള്ള, അബ്രഹാം യിസഹാക്കിനോടു ദൈവം യാഗത്തിനു ആട്ടിൻകുട്ടിയെ കരുതിക്കൊള്ളും എന്നു പറഞ്ഞു (ഉല്പത്തി 22:8). ആ സമയത്തു അബ്രഹാം വിചാരിച്ച ആട്ടിൻ കുട്ടി ഇസഹാക്ക് ആയിരുന്നു. ഇസഹാക്കിനെ മാറ്റി ഒരു ആട്ടിൻ കുട്ടിയെ കൊടുക്കും എന്നു ആ സമയത്ത് അബ്രഹാമിനു അറിവുണ്ടായിരുന്നില്ല. ദൈവം നല്കിയതു കണ്ടപ്പോൾ, ദൈവത്തിന്റെ കരുതൽ അനുഭവിച്ചപ്പോൾ - അബ്രഹാമിന്റെ ഉള്ളിൽ ഉണ്ടായ സന്തോഷം - പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. അപ്പോൾ, ഒരിക്കലും മറക്കാൻ പറ്റാത്ത ആ പർവ്വതമുകളിൽ അനുഭവിച്ചപ്പോൾ, അബ്രഹാം ആ സ്ഥലത്തിനു *യാഹ്വേ യി'രെ* എന്നു പേരിട്ടു ''കർത്താവു കരുതും.'' നൂറുകണക്കിനു വർഷങ്ങൾക്കു ശേഷം അബ്രഹാമിന്റെ സന്തതികൾ തങ്ങളുടെ പൂർവ്വ പിതാവിനെ കരുതിയതോർത്തു സന്തോഷിക്കയുമായി. സ്പഷ്ടമായും, അവർ ഒരു പഴഞ്ചൊല്ലിനു രൂപം കൊടുത്തു: "യഹോവയുടെ പർവ്വതത്തിൽ അതു നല്കും" ഈ ഓർമ്മിക്കത്തക്ക സംഭവം അബ്രഹാമിന്റെ വിശ്വാസ ജീവിതത്തെ വളർത്തുകമാത്രമല്ല ചെയ്തതു, പിന്നീടു അനേകരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുക തന്നെ ചെയ്തു.

### പൊതുവായ നല്കൽ

തന്റെ സൃഷ്ടികൾക്കെല്ലാം കർത്താവു പൊതുവായ നന്മകൾ നല്കും, അതായതു, മഴയും, ആഹാരവും സന്തോഷവും നല്കി ഹൃദയങ്ങളെ തൃപ്തിപ്പെടുത്തും (പ്രവൃത്തികൾ 14:17). പറവകൾക്ക് ആഹാരം കൊടുക്കുന്നതും ലില്ലിപുഷ്പങ്ങൾക്കു സൗന്ദര്യ വസ്ത്രം നല്കുന്നതും ദൈവമാണ് (മത്തായി 6:25-32). ക്രിസ്ത്യാനികൾക്കും, അക്രൈസ്ത വർക്കും ഒരുപോലെ സൂര്യൻ ഉദിപ്പിച്ചുകൊണ്ടു ദുഷ്ടന്മാരോടു അവൻ ദയവു കാണിക്കുന്നു (ലൂക്കൊസ് 6:35). വിശുദ്ധന്റെ വയൽ മഴകൊണ്ടു നനക്കുന്നതുപോലെ പാപിയുടെ വയലും അവൻ നനക്കുന്നു (മത്തായി 5:45). ഈ പൊതുവായ നല്കലിൽ, അവൻ എല്ലാ മനുഷ്യരുടേയും രക്ഷകനും ആണ് (1 തിമൊഥെയൊസ് 4:10).

**പ്രത്യേകമായ നല്കൽ**

*യാഹ്‌വേ യി രേ* എല്ലാവരുടേയും രക്ഷകനാണ് എങ്കിലും, "പ്രത്യേകിച്ചു വിശ്വാസികളുടെ" രക്ഷകനാണ് (1 തിമൊഥെയൊസ് 4:10) നീതിയിലേക്കുതിരിഞ്ഞവരുടെ ആവശ്യങ്ങൾ അവൻ മുന്നറിയുകയും, അവൻ അവർക്കു പ്രത്യേകമായി അവ നല്കുകയും ചെയ്യുന്നു.

ബൈബിളിൽ ദൈവത്തെ പിതാവു എന്നു പറഞ്ഞിരിക്കകൊണ്ടു, അവന്റെ പ്രത്യേക നൽകൽ നാം മനസ്സിലാക്കണം. യോഗ്യമായ ഒരു പിതാവും തന്റെ മക്കളെ പൊതുവായ കാര്യങ്ങൾ മാത്രം, ഉദാഹരണമായി ബാങ്കിൽ ഒരു എക്കൗണ്ട് തുടങ്ങിക്കൊടുത്തു അപ്രത്യക്ഷമാവുകയില്ല. ഭൗതിക പിതാക്കന്മാർ സ്വർഗ്ഗീയ പിതാവിനെ പോലെ അത്ര നല്ലവരായിരിക്കയില്ല, എങ്കിലും അവരുടെ മക്കളോടു ഓരോരുത്തരോടും പ്രത്യേക ശ്രദ്ധചെലുത്തുന്നതിൽ സന്തോഷിക്കുന്നവരാണ്.

*ചിലപ്പോൾ സമ്പൽ സമൃദ്ധി നൽകും* ചിലപ്പോൾ ക്രിസ്ത്യാനികൾക്കു വലിയ ശമ്പളമായി പ്രത്യേകമായി നല്കും നേരോടെ നടക്കുന്നവർക്കു ദൈവം ഒരു നന്മക്കും മുട്ടു വരുത്തുകയില്ല (സങ്കീർത്തനങ്ങൾ 84:11). ക്രിസ്ത്യാനികൾ നീതിപൂർവ്വം ജീവിച്ചാൽ സമ്പൽ സമൃദ്ധി സ്വീകരിച്ചു, അതു ദൈവമഹത്വത്തിനായി ഉപയോഗിച്ചാൽ, *യാഹ്‌വേ യി'രേ* എല്ലാ കൃപയും അവർക്കു നല്കും (2 കൊരിന്ത്യർ 9:8). ''എന്നാൽ വിതെക്കുന്നവന്നു വിത്തും ഭക്ഷിപ്പാൻ ആഹാരവും നല്കുന്നവൻ നിങ്ങളുടെ വിതയും നല്കി പൊലിപ്പിക്കയും ... നിങ്ങളുടെ നീതിയുടെ വിളവു വർദ്ധിപ്പിക്കയും ചെയ്യും" (2 കൊരിന്ത്യർ 9:10).

*ചിലപ്പോൾ എതിർപ്പുകളും നല്കും.* ദൈവത്തിന്റെ പ്രത്യേക നല്കലിൽ വൈപരീത്യവും ഉൾപ്പെടുന്നതാണ്. സകല മനുഷ്യരുടേയും ആവശ്യങ്ങൾ അറിയുന്നവൻ തന്റെ ജ്ഞാനത്താലും, സ്നേഹത്താലും വിശുദ്ധന്മാർക്കു നല്ലതല്ലാത്ത കാര്യങ്ങളിൽ നിന്നു അവരെ മാറ്റി നിർത്തും. നീതിമാനായ ഒരു യാചകനെ ദാവീദ് കണ്ടിട്ടില്ല (സങ്കീർത്തനങ്ങൾ 37:25, 26), എന്നാൽ യേശു ചെയ്തു(ലൂക്കൊസ് 16:19-31). ചിലപ്പോൾ നല്ല ആളുകൾക്കും ശിക്ഷണം ആവശ്യമായിവരും (എബ്രായർ 12:2-6, 11). സ്നേഹമുള്ള പിതാവിന്റെ ശിക്ഷണം സ്വീകരിക്കുവാൻ ഭാഗ്യവാന്മാർ. പരിമിതിയില്ലാത്ത വിശ്വാസം ഒരു കുട്ടിക്കു തന്നെ കരുതുന്ന പിതാവിൽ ഉണ്ടാക്കും. തന്റെ നന്മക്കായി ദൈവം തരുന്നതെല്ലാം സ്വീകരിച്ചവനായിരുന്നു പൗലൊസ്:

> ബുദ്ധിമുട്ടു നിമിത്തം അല്ല ഞാൻ പറയുന്നതു, ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ച്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും ഞാൻ ശീലിച്ചിരിക്കുന്നു (ഫിലിപ്പിയർ 4:11, 12).

പൗലൊസിനെപോലെ ഊർജ്ജത്തോടും ആഗ്രഹത്തോടും പ്രസംഗിക്കാൻ തുടങ്ങിയ ഒരാൾക്കു രണ്ടു വർഷം കർശന തടവു

അനുഭവിക്കേണ്ടിവന്നപ്പോൾ വേദന തോന്നിക്കാണും. എങ്കിലും, തന്നെ സ്നേഹിക്കുന്നവർക്കു ദൈവം സകലവും നന്മക്കായി പ്രവർത്തിക്കും എന്ന് എഴുതിയവൻ (റോമർ 8:28) തന്റെ തടവിനപ്പുറം വരുവാനിരുന്ന നന്മ കാണുവാൻ ശീലിച്ചിരുന്നു.

> സഹോദരന്മാരേ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു. എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു. എന്റെ ബന്ധനങ്ങൾ നിമിത്തം ആകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു (ഫിലിപ്പിയർ 1:12-14).

തന്റെ പങ്കാളിക്കു ഭയങ്കര രോഗം വരുമ്പോഴോ, അല്ലെങ്കിൽ കുടുംബത്തിൽ ആർക്കെങ്കിലും അനിഷ്ട സംഭവം ഉണ്ടാകുമ്പോൾ, അതിൽ നിന്നു നല്ലതു വരും എന്നു കരുതുവാൻ വലിയ വിശ്വാസം ആവശ്യമാണ്. തനിക്കു പ്രയാസങ്ങൾ സഹിക്കേണ്ടി വന്നിട്ടും, പൗലൊസ് ഏതു സാഹചര്യത്തിലും ദൈവത്തിനു നന്മതരുവാൻ കഴിയും എന്നു വിശ്വസിച്ചു. അതു തന്റെ ജീവിതത്തിൽ ഒരു വസ്തുതയാണെന്നു കാണുവാൻ തക്ക കാലയളവു അവൻ ജീവിച്ചിരുന്നു. ചിലർ അത്രയും കാലം ജീവിച്ചിരിക്കാനിടയില്ല, പക്ഷെ വിശ്വാസത്തിൽ മരിക്കുകയാണെങ്കിൽ യേശുവിനെ വാസ്തവത്തിൽ സ്നേഹിച്ചവർക്കു അവൻ എല്ലാം നന്മക്കായി പ്രവർത്തിക്കും!

*ചിലപ്പോൾ പരീക്ഷണങ്ങൾ നീങ്ങിപ്പോകും.* ക്രിസ്ത്യാനികൾക്കു നല്കുന്ന പ്രത്യേക കരുതലിൽ, പിശാചിനെ സുരക്ഷിത ദൂരത്തിൽ നിർത്തുമെന്നതും ഉൾപ്പെടുന്നു. എല്ലായ്പ്പോഴും സൂക്ഷിക്കുന്ന നമ്മുടെ ദൈവം, ഓരോ വ്യക്തിയേയും പ്രത്യേകമായി കരുതുന്നതുകൊണ്ടു, ആശ്രയിക്കാവുന്നവനാണ്: ഒരു ക്രിസ്ത്യാനിക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ അവൻ അനുവദിക്കയില്ല, പരീക്ഷയോടുകൂടെ അവൻ അവർക്കു പോക്കു വഴിയും തുറന്നിരിക്കും (1 കൊരിന്ത്യർ 10:13). അവൻ ഒരു ക്രിസ്ത്യാനിയെ പ്രതിരോധിക്കുവാനോ, രക്ഷപ്പെടുവാനോ നിർബ്ബന്ധിക്കുകയില്ല; ആ പ്രവൃത്തികൾ ഓരോ ശിഷ്യനും ഉള്ളതാണ് (യാക്കൊബ് 4:7); എന്നാൽ പ്രതിരോധിക്കുവാനുള്ള ശക്തിയും, രക്ഷപ്പെടുവാനുള്ള വഴിയും അവൻ കാണിച്ചുതരും. നാം അതിനെ ആചാരപരമായ കരുണ എന്നു വിളിച്ചേക്കാം: ഓരോ പരീക്ഷണവും മനുഷ്യന്റെ വ്യക്തിപരമായ അളവുകളാൽ വരുന്നതാണ്.

**പ്രത്യേക കരുതൽ അത്ഭുതകരമാകണമെന്നില്ല**

*യാഹ്വേ യീരേ,* ദൈവം പലപ്പോഴും അത്ഭുതകരമായി ഇടപെടുമെങ്കിലും, അവന്റെ കരുതലുകൾ അത്ഭുതങ്ങളിൽ മാത്രം പരിമിതമല്ല. അവന്റെ പ്രകൃതി നിയമങ്ങൾ അനുസരിക്കുന്ന തന്റെ

വിശുദ്ധന്മാരുടെ ആവശ്യങ്ങൾ എന്തെന്നു നോക്കി നല്കുവാനും ആവശ്യമില്ലാത്തതിൽ നിന്നു അകറ്റി നിർത്തുവാനും അവനു പ്രവർത്തിക്കുവാൻ കഴിയും, പ്രവർത്തിക്കുകയും ചെയ്യും.

കാട്ടിൽ ഒരു ആട്ടിൻകുട്ടിയെ നല്കുവാൻ ഒരത്ഭുതവും വേണ്ട. ഫിലിപ്പൊസ് ഷണ്ഡന്റെ തേരിനരികിൽ ചെല്ലുന്നതും അവൻ അറിയേണ്ടതു അറിയുന്നതും സ്വാഭാവിക സംഭവമായിരുന്നു. പൗലൊസിനെ കൊല്ലുന്നതിൽ നിന്നു വിടുവിക്കുവാൻ പൗലൊസിന്റെ ബന്ധു ഇടപെടുന്നതിൽ അത്ഭുതമൊന്നും അടങ്ങിയിരുന്നില്ല. പൗലൊസിന്റെ ജഡത്തിലെ ശൂലം നീങ്ങുവാൻ ഒരത്ഭുതവും ചെയ്തില്ല. ഏലിയാവിന്റെ പ്രാർത്ഥനക്കു മറുപടിയായി മഴ പെയ്യുവാൻ ദൈവത്തിനു അത്ഭുതം ഒന്നും ചെയ്യേണ്ടി വന്നില്ല.

ശലോമോൻ ജ്ഞാനത്തിനു വേണ്ടി അപേക്ഷിച്ചപ്പോൾ അത്ഭുതകരമായി മറുപടി നല്കി; എന്നാൽ ഇന്നു ജ്ഞാനം നല്കുന്നതു പ്രകൃതി നിയമങ്ങൾ അനുസരിച്ചാണ് (യാക്കൊബ് 1:5-7). പത്രൊസിനെ തടവിൽ നിന്നു വിടുവിച്ചതു അത്ഭുതകരമായിട്ടായിരുന്നുവെങ്കിലും, യോഹന്നാനെ ഡൊമീഷ്യന്റെ പ്രവാസത്തിൽ നിന്നു വിടുവിക്കുവാൻ ഏ.ഡി. 96-ൽ ചക്രവർത്തിയായ നെർവാ അനുവദിച്ചതു അത്ഭുതകരമായിരുന്നില്ല. ബൈബിൾ അത്ഭുതങ്ങൾ നിന്നു പോയെങ്കിലും ക്രിസ്ത്യാനി നിരാശപ്പെടേണ്ട, ദൈവത്തിന്റെ പ്രത്യേക കരുതൽ നമുക്കുണ്ട്.

### പ്രത്യേക കരുതലിന്റെ മുഖ്യ ഉദാഹരണം

പ്രത്യേക കരുതലിന്റെ മുഖ്യ ഉദാഹരണമാണ് ദൈവം യേശുവിനെ പാപ - വാഹകനായി നല്കിയത്. അബ്രഹാമിനു ആട്ടിൻകുട്ടി ആവശ്യമായി വന്നപ്പോൾ നല്കിയ *യാഹ്വേ യിരേ,* പ്രത്യേകമായ രീതിയിൽ അതേ *യാഹ്വേ യിരേ* സകലമനുഷ്യർക്കും അത്യാവശ്യം ആവശ്യമായി വന്നപ്പോൾ ഒരു കുഞ്ഞാടിനെ നല്കി. അബ്രഹാം ആ ആട്ടിൻക്കുട്ടിയെ ദൈവഹിത പ്രകാരം ഉപയോഗിച്ചു, അതുപോലെ ദൈവത്തിന്റെ അപ്രമേയമായ കരുണാധിക്യ പ്രകാരമുള്ള സൗജന്യത്തെ ഉപയോഗിച്ചു പാപമോചനം നേടിയാൽ പാപികളുടെ ആത്മാക്കൾക്കു രക്ഷയും സന്തോഷവും ലഭിക്കും.

ദൈവം സകല മനുഷ്യർക്കും പൊതുവായ നന്മകൾ നല്കുന്നതിനാൽ അവന്റെ പ്രത്യേക കരുതൽ മക്കളിൽ നിന്നു എടുത്തു മാറ്റുന്നില്ല. നമുക്കു സുഖകരമോ, കയ്പ്പുള്ളതോ ആകാം, എങ്കിലും അവൻ നമുക്കു ഓരോരുത്തർക്കും ആവശ്യമുള്ളതു നല്കുന്നു. സർവ്വ - ശക്തിയുള്ള ദൈവത്തിന്റെ അത്ഭുത കാലയളവു നിന്നു പോയെങ്കിലും, *യാഹ്വേ യിരേ* തന്റെ മക്കളുടെ ആവശ്യങ്ങളോ സന്തോഷമോ കാണാതിരിക്കുന്നില്ല.

### *യാഹ്വേ നിസ്സി:*
### "കർത്താവു എന്റെ കൊടി"

ഒരു വടി കൊണ്ട് യിത്രോയുടെ ആട്ടിൻ കൂട്ടത്തെ

മേയിച്ചുകൊണ്ടിരുന്ന മോശെ പ്രസിദ്ധനായിത്തീർന്നു. മോശെ, തന്റെ വടി നിലത്തിട്ടപ്പോൾ ദൈവ ശക്തി അതിന്മേൽ വന്നു അതു സർപ്പമായിത്തീർന്നു (പുറപ്പാട് 4:3). അവൻ അതു എടുത്തപ്പോൾ അതു വീണ്ടും വടിയായിത്തീർന്നു. ദൈവം വാസ്തവത്തിൽ മോശെക്കു പ്രത്യക്ഷമായി എന്നു യിസ്രായേൽ ജനത്തെകാണിക്കുന്നതായിരുന്നു ആ അത്ഭുതം. അത്ഭുതം നടത്തിയതുകണ്ടപ്പോൾ, ആളുകൾ വിശ്വസിച്ചു, അവരുടെ തലകൾ കുനിച്ചു, ദൈവത്തെ നമസ്ക്കരിച്ചു.

അതേ വടി, വിജയരഹിതമായ പരിശ്രമം നടത്തിയ ഫറവോൻ ദൈവത്തിനു കീഴ്പ്പെടേണ്ടതിനു അത്ഭുതകരമായി ഉപയോഗിച്ചിട്ടുണ്ട് (പുറപ്പാട് 7:10). അതുപോലെ, അതു ദൈവത്താൽ ഒരു ഉപകരണമായി - മോശെ മൂലവും അഹരോൻ മൂലവും - വെള്ളം രക്തമാക്കി മാറ്റുവാൻ, തവളകൾ പെരുകുവാൻ, പൊടി പേനായി മാറുവാൻ (അല്ലെങ്കിൽ മണലീച്ചകളോ മറ്റോ), ഇടിയും കാറ്റും ഉണ്ടാകുവാനും ഭൂമിയിൽ തീ പടരുവാനും, വെട്ടുക്കിളി ബാധ വരുത്തുവാനും ഉപയോഗിച്ചിട്ടുണ്ട് (പുറപ്പാട് 7:15–10:13). മൂന്നു ദിവസത്തെ കൂരിരുട്ടും പ്രഖ്യാപിക്കുവാൻ ഒരു പക്ഷെ അതു ഉപയോഗിച്ചേക്കാം. മോശെ തന്റെ വടി എടുത്തു ചെങ്കടലിലേക്കു നീട്ടിയപ്പോൾ, ചെങ്കടലിലെ വെള്ളം രണ്ടായിമാറി വീണ്ടും വെള്ളം ചെങ്കടലിൽ ഒന്നാകുവാനും അതേ നടപടി ചെയ്യുകയുണ്ടായി. പിന്നെ, മരുഭൂമിയിൽ വെച്ചു, ജനങ്ങൾക്കു ദാഹമുണ്ടായപ്പോൾ, പാറയിൽ മോശെയുടെ വടികൊണ്ട് അടിച്ചു വെള്ളം പുറപ്പെടുവിച്ചു (സംഖ്യാ പുസ്തകം 20:11).

യിസ്രായേൽ ആക്രമിക്കപ്പെട്ടപ്പോൾ, മോശെയുടെ വടി ഉയർത്തിപ്പിടിക്കുമ്പോഴെല്ലാം. ദൈവമക്കൾ യുദ്ധത്തിൽ വിജയിച്ചു കൊണ്ടിരുന്നു. മോശെയുടെ കൈക്കു ഭാരമേറുമ്പോൾ, ശത്രു സൈന്യം വിജയിക്കും. അങ്ങനെ ദൈവജനത്തെ സഹായിക്കുന്നതിനായി അഹരോനും ഹൂരും വന്നു. മോശെയുടെ രണ്ടു വശത്തും അവർ നിന്നു സൂര്യൻ അസ്തമിക്കുന്നതുവരെ മോശെയുടെ കൈകൾ ഉയർത്തിപ്പിടിച്ചു നിന്നു. യിസ്രായേലിനെ യുദ്ധത്തിൽ ദൈവം സഹായിച്ചതിനെ ഓർമ്മിക്കുവാൻ, മോശെ ഒരു യാഗ പീഠം പണിതു, അതിന്നു *യാഹ്വേ നിസ്സി,* "യഹോവ എന്റെ കൊടി" എന്നു പേരിട്ടു (പുറപ്പാട് 17:15). ആ വടി മറ്റു ഉദ്ദേശങ്ങൾക്കും ഉപയോഗിക്കകൊണ്ടു, ഒരു *നെസ്* - ഒരു കൊടി, ബാനർ, എൻസൈൻ എന്നു വിളിച്ചു. അങ്ങനെ യിസ്രായേൽ യുദ്ധങ്ങൾ ജയിച്ചതു അവരുടെ കഴിവു കൊണ്ടല്ല, ദൈവമാണ് അവർക്ക് വിജയം നല്കിയതു എന്നു ഇതിനാൽ മോശെ യിസ്രായേലിനെ ധരിപ്പിച്ചു.

ഒരു നിസി, കൊടിയുടെ ചിത്രീകരണത്താൽ അതുപോലെ പാപത്തിൽ നിന്നുള്ള ജയത്തെ എടുത്തുകാണിക്കുന്നു പ്രവചനം അനുസരിച്ചു, ഒരു ദിവസം വരും, ''അന്നാളിൽ വംശങ്ങൾക്കു കൊടിയായി നില്ക്കുന്നയിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചുവരും; ...'' (യെശയ്യാവു 11:10). യിസ്രായേലും സകലജാതികളും ചുറ്റും നില്ക്കുന്ന ഒരു കൊടിയായി യേശുവിനെ ദൈവം നിർത്തും (യെശയ്യാവു 11:12). ഒരു *നിസി,* മരുഭൂമിയിൽ ഒരു

മരത്തിൽ പിച്ചള സർപ്പത്തെ ഉണ്ടാക്കി തൂക്കിയതു, ഒരു നിഴലായിരുന്നത്, ക്രിസ്തുവിനെമരത്തിൽ തറച്ചു തൂക്കിയതു പൊരുളായിത്തീർന്നു (സംഖ്യാപുസ്തകം 21:8, 9; യോഹന്നാൻ 3:14). ഒരു നിസിയെക്കുറിച്ചു നമ്മുടെ രക്ഷകനും സംസാരിക്കയുണ്ടായി (*നാസാസ്*, അർത്ഥം ''ഉയർത്തുക, പൊങ്ങുക, ഉയർപ്പിക്കുക'' എന്നാണ്) അതു ക്രൂശിന്റെ രൂപത്തിലാണ് അവനെ പൊക്കിയത് ഞാനോ ''ഭൂമിയിൽ നിന്നു ഉയർത്തപ്പെട്ടാൽ, എല്ലാവരേയും എങ്കലേക്കു ആകർഷിക്കും'' (യോഹന്നാൻ 12:32). പാപത്തിന്മേലും കല്ലറമേലും ഉള്ള യേശുവിന്റെ വിജയം അമാല്ലേക്യരെ ജയിച്ചതിനേക്കാൾ വലിയ ജയമായിരുന്നു. അവനും *യാഹ്വേ നിസ്സി*, "കർത്താവു ... എന്റെ കൊടി" ആകുന്നു.

### *യാഹ്വേ ശലോം:*
### "കർത്താവു സമാധാനം ആകുന്നു"

ദൈവ ദൂതനെ ഗിദെയോൻ മുഖാമുഖമായി കണ്ടു തിരിച്ചറിഞ്ഞപ്പോൾ, താൻ മരിക്കുമെന്ന് അവൻ ഓർത്തുപോയി (ന്യായാധിപന്മാർ 6:22). അവന്റെ ജീവൻ രക്ഷിച്ചു കൊണ്ടു കർത്താവു പറയുന്നു, ''നിനക്കു സമാധാനം, ഭയപ്പെടേണ്ട നീ മരിക്കയില്ല.'' അതിനു അനുമോദനമായി ഗിദെയോൻ ഒരു യാഗ പീഠം പണിതു അതിനു *യാഹ്വേ ശലോം*, "കർത്താവു സമാധാനം" എന്നു പേരിട്ടു (ന്യായാധിപന്മാർ 6:24).

തന്റെ പുത്രന്റെ രക്തത്താൽ, സമാധാന പ്രഭുവിനെ, സമാധാനമായ കർത്താവു പാപികളായ നമുക്കു വേണ്ടി മരിപ്പാൻ അവകാശപ്പെട്ടു. അതിനു പുറമെ, *യാഹ്വേ ശലോം,* സമാധാന ദൈവം സകല സൽപ്രവൃത്തിയിലും അവന്റെ ഹിതപ്രകാരം നാം തികഞ്ഞവർ ആകേണ്ടതിന്നു അവനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു.

### *യാഹ്വേ സേബാ 'ഓത്ത്:*
### "സൈന്യങ്ങളുടെ യഹോവ"

*യാഹ്വേ സെബാഓത്ത്* എന്ന പ്രയോഗം, ''സൈന്യങ്ങളുടെ യഹോവ,'' പ്രകൃതിയിലുള്ള ബഹുവിധമായ കാര്യങ്ങളെ പ്രതിനിധീകരിക്കുന്നു, മനുഷ്യരുടെ സൈന്യങ്ങൾ, ദൈവനിയന്ത്രണത്തിലുള്ള അസംഖ്യം ദുതന്മാർ. ദൈവത്തിന്റെ പരിധിയില്ലാത്ത ശക്തിയാൽ, തന്റെ ആജ്ഞാനുവർത്തിയായി തയ്യാറായിരിക്കുന്ന അസംഖ്യംപേരുണ്ടെന്നു വ്യക്തം. ദാവീദ് ഗോലിയാത്തിന്റെ അടുക്കൽ ചെന്നപ്പോൾ ഉപയോഗിക്കപ്പെട്ട പ്രയോഗം ഇതായിരുന്നു: "നീ വാളും, കുന്തവും, വേലുമായി എന്റെ നേരെ വരുന്നു ഞാനോ, നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു'' (1 ശമുവേൽ 17:45). ഇതേ ദൈവമാണ് സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ - "ആകാശത്തിലെ സകല സൈന്യത്തെയും'' വാഴുന്നത് (ആവർത്തന പുസ്തകം 4:19; സങ്കീർത്തനങ്ങൾ 33:6). അവൻ അസംഖ്യം ദൂതന്മാരാൽ സ്തുതിച്ചും

സേവിച്ചുമാണ് ഇരിക്കുന്നത് (ഉല്പത്തി 32:1, 2; സങ്കീർത്തനങ്ങൾ 103:20, 21; 148:2; വെളിപ്പാട് 5:11).

പുതിയ നിയമത്തിൽ രണ്ടു പ്രാവശ്യം സേബാ ഓത്ത് ഉപയോഗിച്ചിരിക്കുന്നതിൽ ഒന്ന് റോമർ 9:29 ലാണ്, അവിടെ "ശബോത്ത്" എന്നാണുള്ളത്. യെശയ്യാവു 1:9 പൗലൊസ് ഉദ്ധരിച്ചപ്പോൾ *ശാബ്വത്ത്* ''സൈന്യങ്ങളുടെ കർത്താവു'' എന്നു പറഞ്ഞിരിക്കുന്നു. ദൈവത്തിനു അനേകം സൈന്യങ്ങൾ ഉള്ളതായിട്ടാണ് ആ പ്രയോഗം വിവരിക്കുന്നത്, പരിധിയില്ലാത്ത ഉൽപ്പന്നങ്ങളുടെ ഉറവിടം. "യിസ്രായേലിലെ ശേഷിപ്പിനെ" വിടുവിപ്പാനും ആ സന്ദർഭമനുസരിച്ചു, ജാതികളെ തന്റെ ജനമാക്കി മാറ്റുവാനും അവൻ ശക്തനായിരുന്നു എന്നു കാണിക്കുന്നു. കർത്താവിൽ അന്നും ഇന്നും പരിമിതികളില്ല.

പുതിയ നിയമത്തിൽ രണ്ടാമതായി പഴയ നിയമപ്രയോഗം *യാഹ്വേ സാബേ ഓത്ത്* വന്നിരിക്കുന്നത് യാക്കൊബ് 5:4 ലാണ് വീണ്ടും കൊടുത്തിരിക്കുന്നതു "ശാബോത്തിന്റെ കർത്താവു" എന്നാണ്. അവിടെ നാം വായിക്കുന്നതു സൈന്യങ്ങളുടെ ദൈവം എന്നാണ്, അഥവാ അസംഖ്യം ഉറവിടങ്ങളുടെ കർത്താവു, അന്യായവേലകളെ നേരെയാക്കുവാൻ ശക്തനായവൻ തന്നെ.

### *യാഹ്‌വേ സിഡ്ക്വനു:*
### "കർത്താവു നമ്മുടെ നീതി"

യേശുവിന്റെ നീതിയിലേക്കു ഒരാൾ പൂർണ്ണമായി ചായുമ്പോൾ അവൻ ദൈവത്തെ സ്തുതിക്കും അതു മുന്നറിയിക്കപ്പെട്ട *യാഹ്വേ സിഡ്ക്വെനു* അനുസരിച്ചാണ്, "കർത്താവു നമ്മുടെ നീതി." യിരെമ്യാവു 23:6-ൽ അതിന്: ''അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും അവന്നു. യഹോവ നമ്മുടെ നീതി എന്നു പേർ പറയും" ഇതു ചെയ്യുവാനായി ഒരാൾ തന്റെ സ്വന്ത നീതിയിൽ ആശ്രയിക്കുന്നതു മതിയാക്കണം (തിത്തൊസ് 3:5). സ്വയ നീതി കറ പുരണ്ട തുണിയാണെന്നറിയുക (യെശയ്യാവു 64:6). രക്ഷിക്കപ്പെട്ട ഒരാൾക്കു യേശു ''ദൈവത്തിൽ നിന്നുള്ള ജ്ഞാനവും, നീതിയും, ശുദ്ധീകരണവും, വീണ്ടെടുപ്പുമായിത്തീർന്നു'' (1 കൊരിന്ത്യർ 1:30). അതിനായി തന്നെത്തന്നെ മഹത്വപ്പെടുത്തുന്നതു മതിയാക്കി ദൈവത്തെ മഹത്വപ്പെടുത്തണം. യേശു നമ്മുടെ പാപ - വാഹകനായിത്തീർന്നു. അവൻ ക്രൂശിൽ ആയിരുന്നപ്പോൾ ദൈവം പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു നമുക്കുവേണ്ടി അവനെ പാപം ആക്കി (2 കൊരിന്ത്യർ 5:21). അവൻ കാല്വരിയിൽ "അകൃത്യയാഗമായി തീർന്നപ്പോൾ" (യെശയ്യാവു 53:10), നമ്മുടെ എല്ലാ "അകൃത്യങ്ങളും ദൈവം അവന്റെമേൽ ചുമത്തി" (യെശയ്യാവു 53:6). യേശുവിനെക്കുറിച്ചുള്ള യിരെമ്യാവിന്റെ പ്രവചനം ''കർത്താവു നമ്മുടെ നീതി'' എന്നതു വ്യക്തമായി നിറവേറിയതു പൗലൊസ് തിരിച്ചറിഞ്ഞു അവന്റെ അതുല്യ നീതിയെ പ്രഖ്യാപിക്കുന്നുണ്ട്:

... എന്റെ കർത്താവായ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ടത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നെണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്തനീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു നല്കുന്ന നീതി തന്നെ ലഭിച്ചു (ഫിലിപ്പിയർ 3:8, 9).

---

കുറിപ്പ്

[1]മനുഷ്യചുണ്ടിൽ നിന്നുമായി "യാഹ്‌വേ" എന്ന വാക്ക് പുറപ്പെട്ടത് ഹവ്വയിൽ നിന്നുള്ളതാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഉല്പത്തി 4:1). ശേത്തിന്റെ കാലമായപ്പോഴേക്കും ആ പേർ സാധാരണ മനുഷ്യർ ഉപയോഗിച്ചു തുടങ്ങി (ഉല്പത്തി 4:26). ആ പേർ പറഞ്ഞിട്ടുള്ളവരിൽ പ്രത്യേകമായി അബ്രാം ഉപയോഗിച്ചിട്ടുണ്ട് (ഉല്പത്തി 15:2), അവന്റെ ദാസനും (ഉല്പത്തി 24:12), ലാബാനും ബെഥൂവേലും (ഉല്പത്തി 24:50), അബീമെലേക്ക് (ഉല്പത്തി 26:28), യാക്കൊബ് (ഉല്പത്തി 28:16), റാഹേലും ഉപയോഗിച്ചിട്ടുണ്ട് (ഉല്പത്തി 30:24).

---

### *മലാക്ക് യാഹ്‌വേ* "കർത്താവിന്റെ ദൂതൻ"

ഉല്പത്തി 16:7-ൽ ദൈവം അസാധാരണമായി പ്രത്യക്ഷപ്പെടുന്നതു വിവരിക്കുന്നു: മലാക്ക് യാഹ്‌വേ ''കർത്താവിന്റെ ദൂതൻ''. സ്പഷ്ടമായും അതേ ദൂതനെ *മലാക്ക് എലോഹിം* എന്നും പറയുന്നുണ്ട് (ന്യായാധിപന്മാർ 6:20, 21).

*ദൈവമല്ല.* കർത്താവിന്റെ ദൂതനോടു തുല്യനായവൻ ദൈവത്തോടു കൂടെയും യേശുവിനോടു കൂടെയും ഉണ്ടായിരുന്നു. തീർച്ചയായും, ഈ ദൂതനെ "ഒരു ദൈവം" എന്നു വിളിച്ചിട്ടുണ്ട് (ഉല്പത്തി 16:7, 13); എന്നാൽ ദൂതന്മാർ ദൈവത്തിന്റെ ദാസന്മാർ ആകയാൽ (വെളിപ്പാട് 22:8, 9), ദൈവം അല്ല, പ്രത്യേക അർത്ഥത്തിലാണ് അവനെ ദൈവം എന്നു പറഞ്ഞിരിക്കുന്നത് ദൂതനെക്കുറിച്ചു ദൈവം പറഞ്ഞതു, "എന്റെ നാമം അവനിൽ ഉണ്ട്" (പുറപ്പാട് 23:20, 21), അവൻ ദൈവത്തിന്റെ പ്രത്യേക പ്രതിനിധിയായി വെച്ചിരിക്കുന്നതുകൊണ്ട് അവനെ ദൈവം എന്നു വിളിച്ചിരിക്കുന്നു. ദൈവത്തിന്റെ പ്രതിനിധിയെ കാണേണ്ടതു ദൈവത്തെ കാണുന്നതുപോലെ ആയിരിക്കണം (ഉല്പത്തി 32:24, 30; ഹോശേയാ 12:4; ന്യായാധിപന്മാർ 6:22, 23). സംശയമെന്യേ, ഈ ദൂതനെ ദൈവം എന്നു വിളിച്ചിരുന്നു (ഉല്പത്തി 16:10; 22:12). എങ്ങനെയായാലും, അവൻ ദൈവത്തെ പ്രതിനിധീകരിക്കുക മാത്രമാണ് ചെയ്യുന്നത്; അവൻ വാസ്തവത്തിൽ ദൈവം ആയിരുന്നില്ല. ദൈവമല്ലായ്കയാൽ, അവൻ ദൈവത്തിന്റെ ഉപകരണം, ദൈവത്തിന്റെ സന്ദേശ വാഹകർ, കർത്താവിന്റെ ദൂതനെ ദൈവം തന്നിൽ നിന്നു വ്യത്യസ്തനായി നിർത്തിയിരുന്നു, താൻ യിസ്രായേലിനെ അനുഗമിക്കാതെ,

കർത്താവിന്റെ ദൂതൻ അവരോടുകൂടെയിരിക്കും എന്നു പറഞ്ഞിരുന്നു (പുറപ്പാട് 33:2, 3; ന്യായാധിപന്മാർ 2:1 ഉം നോക്കുക). അതിനു പുറമെ, കർത്താവിന്റെ ദൂതൻ, തന്നെ നമസ്ക്കരിക്കുന്നതു വിലക്കിയിട്ടുമുണ്ട് (ന്യായാധിപന്മാർ 13:16), അവൻ ദൈവം ആയിരുന്നുവെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നില്ല, അല്ലെങ്കിൽ അവൻ യേശു ജഡത്തിൽവരുന്നതിനു - മുൻപുള്ളവനും ആയിരുന്നില്ല.

*ഒരു പ്രത്യേക ദൂതൻ.* കർത്താവിന്റെ ദൂതൻ ദൈവം അല്ലായ്കയാൽ, പ്രത്യേക ദൂതൻ ആയിരിക്കണം. ദൈവനാമം അവനിൽ ഉണ്ടായിരുന്നതുകൊണ്ടു അവൻ പ്രത്യേകതയുള്ളവൻ ആയിരുന്നു, അവൻ ദൈവത്തിന്റെ പ്രത്യേക പ്രതിനിധിയും ആയിരുന്നു (പുറപ്പാട് 23:21). ദൈവസന്നിധിയിൽ നിന്ന ഗബ്രിയേൽ ആയിരിക്കാം അവൻ (ലൂക്കൊസ് 1:19), അവന്നു മറിയയോടു, അവൾ യേശുവിന്റെ അമ്മയാകാൻ പോകുന്നു എന്ന ദൂത് അറിയിക്കുവാൻ അവനെ നിയോഗിച്ചിരുന്നു. മറ്റൊരുവശം നോക്കിയാൽ, ദൈവദൂതൻ മിഖായേലും ആകാം, അവനെ പ്രധാനപ്രഭുവായി വിളിക്കപ്പെട്ടിരുന്നു (ദാനിയേൽ 10:13; 12:1), പ്രധാന ദൂതനും ആകാം (യൂദാ 9). യേശു മേഘത്തിൽ പ്രത്യക്ഷനാകുമ്പോൾ കേൾക്കുന്ന ശബ്ദം അവന്റേതായിരിക്കാം (1 തെസ്സലൊനിക്യർ 4:16 നോക്കുക).

*ദൈവത്തെക്കുറിച്ചുള്ള വിവരണം.* ദൈവ നാമത്തിൽ സംസാരിക്കുവാനുള്ള വ്യക്തിപരമായ അധികാരവും പ്രാതിനിധ്യവും കാണിച്ചു വിവരിക്കുന്നതാണ് ''കർത്താവിന്റെ ദൂതൻ'' എന്നതു. ദൈവത്തെക്കുറിച്ചുള്ള ഈ വിവരണം, അതുകൊണ്ടു, ദൈവത്തിനു മനുഷ്യരോടുള്ള വ്യക്തിപരമായ താല്പര്യം പ്രകടമാക്കുന്നു.

© 2009 Truth for Today